E-mail : keralarcs.coop@kerala.gov.in
Website : www.cooperation.kerala.gov.in
Fax: 0471-2331513

ജി (2) 57380/2014

സഹകരണസംഘം രജിസ്ട്രാർ ആഫീസ്,
തിരുവനന്തപുരം. തീയതി : 18.02.2015

# സർക്കുലർ നമ്പർ 10/2015

വിഷയം : സഹകരണവകുപ്പ് – ശ്രീ.ഇ. നാരായണന്റെ സ്മരണക്കായി നിർമ്മിക്കുന്ന സൂപ്പർ സ്പെഷ്യാലിറ്റി ഹാർട്ട് ഹോസ്പിറ്റൽ –സഹകരണ സ്ഥാപനങ്ങളിൽ നിന്നും സംഭാവന – അനുമതി– സംബന്ധിച്ച്.

സൂചന :
1. ശ്രീ. ഇ. നാരായണൻ സ്മാരക നിർമ്മാണ കമ്മിറ്റി ചെയർമാന്റെ 26.11.2014 ലെ അപേക്ഷ.
2. ഈ ആഫീസിൽ നിന്നുമുള്ള 20.12.2014 ലെ ജി(2) 57380/14 നമ്പർ കത്ത്.
3. സർക്കാരിൽ നിന്നും ലഭിച്ച 30.01.2015 ലെ 13489/പി.എസ്.1/2014/സഹ. നമ്പർ കത്ത്.

........................

പ്രമുഖ സഹകാരിയും സംസ്ഥാന സർക്കിൾ സഹകരണ യൂണിയൻ ചെയർമാനുമായിരുന്ന അന്തരിച്ച ശ്രീ.ഇ.നാരായണന്റെ സ്മരണാർത്ഥം തലശ്ശേരിയിൽ ഒരു സഹകരണ സൂപ്പർ സ്പെഷ്യാലിറ്റി ഹോസ്പിറ്റൽ സ്ഥാപിക്കുവാൻ തീരുമാനിച്ചിട്ടുള്ളതായി സ്മാരക നിർമ്മാണ കമ്മിറ്റി ചെയർമാൻ ശ്രീ. കൊടിയേരി ബാലകൃഷ്ണൻ സൂചന (1) പ്രകാരം സർക്കാരിനെ അറിയിച്ചിരിക്കുന്നു. ആയതിലേക്കായി സഹകരണ സ്ഥാപനങ്ങളിൽ നിന്നും സംഭാവന നൽകണമെന്നുള്ള ടി അപേക്ഷയിൽ സൂചന (3) പ്രകാരം സർക്കാരിൽ നിന്നും നിർദേശം ലഭിച്ചിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ സഹകരണ സംഘം രജിസ്ട്രാറുടെ ഭരണനിയന്ത്രണത്തിൻ കീഴിൽ വരുന്ന സംസ്ഥാനത്തെ എല്ലാ സഹകരണ സ്ഥാപനങ്ങളും കേരള സഹകരണ സംഘം വകുപ്പ് 56(2) (ഡി) പ്രകാരം സ്വരൂപിച്ചിട്ടുള്ള അതാതു സംഘങ്ങളുടെ പൊതുനന്മ ഫണ്ടിൽ നിന്നും മേൽ ആവശ്യത്തിലേക്ക് സംഭാവന നൽകുന്നതിന് അനുമതി നൽകുന്നു.

(ഒപ്പ്)
**എസ്. ലളിതാംബിക ഐ.എ.എസ്.**
**സഹകരണസംഘം രജിസ്ട്രാർ**

<u>പകർപ്പ്</u>
1) ശ്രീ. കോടിയേരി ബാലകൃഷ്ണൻ, ചെയർമാൻ, ശ്രീ. ഇ. നാരായണൻ സ്മാരക നിർമ്മാണ കമ്മിറ്റി.
2) എല്ലാ ജില്ലാ സഹകരണ സംഘം ജോയിന്റ് രജിസ്ട്രാർ(ജനറൽ) മാർക്കും.
3) എല്ലാ അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) മാർക്കും.
4) എല്ലാ സഹകരണ സംഘങ്ങൾക്കും, (ജോയിന്റ് രജിസ്ട്രാർ(ജനറൽ) മുഖേന).
5) എഡിറ്റർ/സഹകരണ വീഥി, സഹകരണ ജേർണൽ.
6) വെബ്സൈറ്റ്.
7) സ്റ്റോക്ക് ഫയൽ

SP/18.02.2015